**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2791** **13-10-2021 - ൽ മറുപടിയ്ക്ക്**

**വിദ്യാവനം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ജോബ് മൈക്കിൾ | | Shri. A. K. Saseendran<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ ഏതെല്ലാം സ്കൂളുകളിലാണ് വിദ്യാവനം പദ്ധതി നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ; | (എ) | സംസ്ഥാനത്തൊട്ടാകെ 2020-21 വർഷത്തിൽ 14 ജില്ലകളിലായി 21 വിദ്യാവനങ്ങൾ നട്ടുപിടിപ്പിച്ചിട്ടുണ്ട്. 2021-22 വർഷത്തിൽ 14 ജില്ലകളിലായി 26 വിദ്യാവനങ്ങൾ നട്ടുപിടിപ്പിച്ചിട്ടുണ്ട്. (ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു) |
| (ബി) | പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; | (ബി) | വിദ്യാലയങ്ങളിൽ വളരെ ചുരുങ്ങിയ സ്ഥലത്ത് സ്വാഭാവിക വനങ്ങളുടെ സാദൃശ്യമുള്ള, അതിസാന്ദ്രതയിൽ നട്ടുവളർത്തിയെടുക്കുന്ന ചെറുവനങ്ങളാണ് വിദ്യാവനങ്ങൾ. ചുരുങ്ങിയ ചെലവിൽ വിഭവങ്ങൾ ഫലപ്രദമായി പ്രയോജനപ്പെടുത്തി വിദ്യാർത്ഥികളിൽ ജൈവവൈവിധ്യ സംരക്ഷണ ബോധം വളർത്തിയെടുക്കുന്നതിനും വൃക്ഷങ്ങൾ നട്ടുവളർത്തുന്നതിനുള്ള പ്രായോഗിക പരിശീലനം നൽകുന്നതിനും ഉദ്ദേശിച്ചാണ് വിദ്യാവനങ്ങൾ നിർമ്മിക്കുന്നത്. കേരളത്തിലെ തെരഞ്ഞെടുക്കപ്പെട്ട സ്കൂളുകളിലേയും കോളേജുകളിലേയും ഫോറസ്ട്രി ക്ളബ്ബുകളിലൂടെ വിദ്യാർത്ഥികളുടെ സജീവ പങ്കാളിത്തത്തോടെയാണ് ഈ പരിപാടിയുടെ ആസൂത്രണവും നടത്തിപ്പും തുടർന്നുള്ള പരിപാലനവും വിലയിരുത്തലും നിർവ്വഹിക്കുന്നത്. ജൈവ രീതികളിലൂടെ മണ്ണിന്റെ ഫലഭൂയിഷ്ഠി വർദ്ധിപ്പിക്കുക, ജല ആഗിരണ ശേഷി വർദ്ധിപ്പിക്കുക, വൃക്ഷാവരണങ്ങളുടെ വിവിധ തട്ടുകളിൽ വരുന്ന തദ്ദേശീയ ഇനങ്ങളായ ഔഷധികൾ, കുറ്റിച്ചെടികൾ, വള്ളിച്ചെടികൾ, മരങ്ങൾ എന്നിവ അതിസാന്ദ്രതയിൽ നട്ടുപിടിപ്പിച്ച് പരിപാലിക്കുകയാണ് ഈ പദ്ധതിയുടെ പ്രത്യേകത. ഇത് മൂലം ഉദ്ദേശ്യം പത്ത് പതിനഞ്ച് വർഷങ്ങൾക്കുള്ളിൽത്തന്നെ ജൈവ വൈവിധ്യ സമ്പുഷ്ടമായ പൂർണ്ണ വളർച്ചയെത്തിയ വനങ്ങൾ ചുരുങ്ങിയ സ്ഥലത്ത് നിർമ്മിച്ചെടുക്കാൻ സാധിക്കുന്നു. തദ്ദേശിയ സസ്യങ്ങൾ |

| | | | |
|---|---|---|---|
| | | | തെരഞ്ഞെടുക്കുമ്പോൾ പ്രദേശിക കാലാവസ്ഥയും മണ്ണിന്റെ ഘടനയും യോജിക്കുന്ന ഫലവൃക്ഷങ്ങൾക്കും ഔഷധ സസ്യങ്ങൾക്കും പ്രത്യേക പരിഗണന നൽകുന്നു. |
| (സി) | പ്രസ്തുത പദ്ധതി സ്കൂളുകളിൽ ഉൾപ്പെടുത്തുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; വിശദാംശം ലഭ്യമാക്കുമോ? | (സി) | ഈ പദ്ധതിയുടെ നടത്തിപ്പിന് ഒരു വിദ്യാവനത്തിന് ഏറ്റവും കുറഞ്ഞത് 5 സെൻറ് സ്ഥലമെങ്കിലും ആവശ്യമാണ് . ഈ പദ്ധതിയുടെ നടത്തിപ്പിനായി ഒരു വിദ്യാവനത്തിന് വനം വകുപ്പ് പരമാവധി 2 ലക്ഷം രൂപ വരെ ചെലവുകൾക്കായി നൽകുന്നു. പ്രസ്തുത ഫോറസ്ട്രി ക്ളബ്ബുകളുടെ ഉത്തരവാദിത്വത്തിലായിരിക്കും വിദ്യാവനങ്ങളുടെ തുടർന്നുള്ള പരിചരണവും മേൽ നോട്ടവും. |

സെക്ഷൻ ഓഫീസർ

# വിദ്യാവനം സൈറ്റ് 2021–22

| ക്രമ നമ്പർ | ഡിവിഷൻ | റെയിഞ്ച് | നമ്പർ | സ്ഥാപനത്തിന്റെ പേര് | സ്ഥലം (സെന്റ്) | തൈകളുടെ എണ്ണം |
|---|---|---|---|---|---|---|
| 1 | തിരുവനന്തപുരം | നെയ്യാറ്റിൻകര | 1 | ഗവ.വി.എച്ച്.എസ്.എസ്, പരണിയം, തിരുവനന്തപുരം | 5 | 500 |
| 2 | കൊല്ലം | കൊല്ലം | 1 | ഫാത്തിമ മാതാ നാഷണൽ കോളേജ്, കൊല്ലം | 3 | 300 |
| | | | 1 | ഗവ.ഐ.റ്റി, ചന്ദനത്തോപ്പ് | 5 | 500 |
| 3 | പത്തനംതിട്ട | പത്തനംതിട്ട | 1 | എസ്.എൻ.വി ഹയർ സെക്കന്ററി സ്കൂൾ, അങ്ങാടിക്കൽ | 5 | 450 |
| | | | 1 | മാർത്തോമ കോളേജ് തിരുവല്ല | 5 | |
| 4 | ആലപ്പുഴ | ആലപ്പുഴ | 1 | ദേവസ്വം ബോർഡ് ഹൈസ്ക്കൂൾ, തുറവൂർ | 7 | 700 |
| | | ചെങ്ങന്നൂർ | 1 | വി.വി.എച്ച്.എസ്, താമരക്കുളം | 5 | 500 |
| 5 | കോട്ടയം | പൊൻകുന്നം | 1 | സെന്റ് ജോർജ്ജ് കോളേജ്, അരുവിത്തറ, കോട്ടയം | 5 | |
| | | | 1 | എസ്.ആർ.ഡി.എൻ.എസ്.എസ് സ്ക്കൂൾ, കോട്ടയം | 5 | |
| 6 | ഇടുക്കി | മൂന്നാർ | 1 | ഗവ. എച്ച്.എസ്.എസ് മുക്കുടം | 6 | 200 |
| | | പീരുമേട് | 1 | പഞ്ചായത്ത് എൽ.പി.എസ്, കുമിലു | 6 | 200 |
| 7 | എറണാകുളം | പെരുമ്പാവൂർ | 1 | ജമാഅത്ത് എച്ച്.എസ്.എസ്,തണ്ടേക്കാട്, പെരുമ്പാവൂർ | 6 | 100 |
| | | എറണാകുളം | 1 | ഈസ്റ്റേൺ യു.പി.എസ്, ഏലൂർ | 6 | 100 |
| 8 | തൃശ്ശൂർ | തൃശ്ശൂർ | 1 | ജി.എച്ച്.എസ്.എസ്, മണത്തല | 5 | 100 |
| | | ചാലക്കുടി | 1 | മാർ അഗസ്ത്യൻ മെമ്മോറിയൽ ഹൈസ്ക്കൂൾ (എം.എ.എം.എച്ച്.എസ്), കൊററ്റി | 5 | 100 |
| 9 | പാലക്കാട് | അഗളി | 1 | മൗണ്ട് കാർമൽ യു.പി.എസ്, ജല്ലിപ്പാറ, അഗളി | 5 | 5 |
| | | മണ്ണാർക്കാട് | 1 | യു.പി.എ.യു.പി. സ്ക്കൂൾ, കുണ്ടൂർക്കുന്ന് | 5 | 100 |
| 10 | മലപ്പുറം | നിലമ്പൂർ | 1 | ക്രസന്റ് യു.പി.എസ്, കരപ്പുറം | 4 | |
| | | മലപ്പുറം | 1 | കാലിക്കട്ട് യൂണിവേഴ്സിറ്റി | 5 | |
| 11 | കോഴിക്കോട് | കോഴിക്കോട് | 1 | ജി.എച്ച്.എസ്.എസ്, നീലേശ്വരം, കുക്കം | 6 | |
| 12 | വയനാട് | കല്പറ്റ | 1 | ജി.എച്ച്.എസ്.എസ്, വാറ്റുവാഞ്ചൽ, വയനാട് | 5 | |
| | | കല്പറ്റ | 1 | ജവഹർ നവോദയ വിദ്യാലയ, പൂക്കോട് വയനാട് | 5 | |

/home/user/Desktop/Vidyavanam List-2021-22 (1).doc

| | | | | | | |
|---|---|---|---|---|---|---|
| 13 | കണ്ണൂർ | കണ്ണൂർ | 1 | കേന്ദ്രീയ വിദ്യാലയ, കണ്ണൂർ | 5 | |
| | | കണ്ണൂർ | 1 | ജി.എച്ച്.എസ്.എസ്, മുണ്ടേരി, കണ്ണൂർ | 5 | |
| 14 | കാസർഗോഡ് | ഹോസ്ദുർഗ് | 1 | ഗവ. യു.പി. സ്കൂൾ അറയി, കാഞ്ഞങ്ങാട് | 5 | |
| | | ഹോസ്ദുർഗ് | 1 | ജി.യു.പി സ്കൂൾ, കൂട്ടാക്കനി, പള്ളിക്കര | 5 | |
| ആകെ | | | 26 | | | |

## വിദ്യാവനം ലിസ്റ്റ് 2020-21

| ക്രമ നമ്പർ | ഡിവിഷൻ | സ്ഥാപനത്തിന്റെ പേര് |
|---|---|---|
| 1 | തിരുവനന്തപുരം | ഗവ.ബി.പി.എം മോഡൽ സ്കൂൾ, പെരത്തിൽ, വർക്കല |
| 2 | കൊല്ലം | ഗേൾസ് ഹൈസ്കൂൾ , ശങ്കര മംഗലം, ചവറ |
| 3 | പത്തനംതിട്ട | ഗവ. ബോയ്സ് ഹയർ സെക്കന്ററി സ്കൂൾ, അടൂർ |
| 4 | ആലപ്പുഴ | എസ്.എൻ ട്രസ്റ്റ് ഹയർ സെക്കന്ററി, ചെങ്ങന്നൂർ |
| 5 | കോട്ടയം | ജവഹർ നവോദയ വിദ്യാലയ, വടവത്തൂർ |
| | | |
| 6 | എറണാകുളം | 1. സെന്റ് മേരിസ് ഹൈസ്കൂൾ, ക്രാരിയേലി |
| | | 2. എം.റ്റി എൽ.പി.എസ്, ക്രാരിയേലി |
| | | 3. ഗവ. യു.പി.എസ് കൊമ്പനാട് |
| | | 4. എസ്.ആർ.വി എച്ച്.എസ്.എസ്, എറണാകുളം |
| 7 | ഇടുക്കി | 1. ചോറ്റുപാറ ഗവ. എൽ.പി. സ്കൂൾ, കുമിളി |
| | | 2. ഗവ. ഹയർ സെക്കന്ററി സ്കൂൾ, കല്ലാർ |
| | | 3. ഐ.എച്ച്.ആർ.ഡി ടെക്നിക്കൽ ഹയർ സെക്കന്ററി സ്കൂൾ, മുട്ടം, തൊടുപുഴ |

| | | |
|---|---|---|
| | | 4. ഹയർ സെക്കന്ററി സ്ക്കൂൾ, മറയൂർ. |
| 8 | തൃശ്ശൂർ | 1. ശ്രീ. രാമകൃഷ്ണ ഗുരുകുല വിദ്യാമന്ദിർ എച്ച്.എസ്.എസ്, പുറനാട്ടുകര |
| | | 2. ഡോ. പൽപ്പു മെമ്മോറിയൽ യു.പി സ്ക്കൂൾ, ചക്കംപറമ്പ്, കോട്ടമുറി. |
| 9 | പാലക്കാട് | 1. ദേവകി മെമ്മോറിയൽ സീനിയർ ബേസിക് സ്ക്കൂൾ, കക്കിയൂർ |
| | | 2. ഗവ. ടെക്നിക്കൽ ഹൈസ്ക്കൂൾ, മറുത റോഡ്, പാലക്കാട്. |
| 10 | മലപ്പുറം | ഗവ. ഹയർ സെക്കന്ററി സ്ക്കൂൾ, പുല്ലൻകോട്, നിലമ്പൂർ |
| 11 | കോഴിക്കോട് | ഇല്ല |
| 12 | വയനാട് | ജയശ്രീ ഹയർ സെക്കന്ററി സ്ക്കൂൾ, കല്ലിവയൽ, പുൽപ്പള്ളി |
| 13 | കണ്ണൂർ | ഗവ. ഹൈസ്ക്കൂൾ, തവിടശ്ശേരിക്, പയ്യക്കൂർ |
| 14 | കാസർഗോഡ് | എച്ച്.എച്ച്. എസ്.ഐ.ബി, സ്വാമിജീസ് ഹയർ സെക്കന്ററി സ്ക്കൂൾ, എഡ്നീർ. |
| ആകെ | | 26 |